ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, സംസ്ഥാനത്ത് 'കാഡ'യുടെ കീഴിൽ വാളയാർ, പോത്തുണ്ടി, മംഗലം, ഗായത്രി ഉൾപ്പെടെയുള്ള എല്ലാ ജലസേചന പദ്ധതികളുടെയും ആയക്കെട്ട് പ്രദേശങ്ങളിലുമായി കാർഷിക പദ്ധതികൾ നടപ്പാക്കുന്നത് കഴിഞ്ഞ വർഷം അനുവർത്തിച്ച അതേ നിബന്ധനപ്രകാരമാണ്. 1999-2000 വർഷത്തേയ്ക്കുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി 15.6.1999-ൽ 'കാഡ'യിൽ നിന്നും നൽകിയിട്ടുള്ളതും അർഹരായ അപേക്ഷകർക്ക് 13.7.1999 മുതൽ പെർമിറ്റ് നൽകുന്നതിന് നടപടികൾ ആരംഭിച്ചതുമാണ്. പരിശോധനകൾ ലഘൂകരിച്ചുകൊണ്ട് കഴിയുന്നത്രവേഗം ഇതിന്റെ നടപടികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥന്മാരെ പാലക്കാട്ടേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. കർഷകരുടെ അപേക്ഷയൊടൊപ്പം കാഡയിലെ വില്ലേജ് ഓഫീസർ നൽകുന്ന ആയക്കെട്ട് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും സമിതി ലൈഫ് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയക്കെട്ട് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വെള്ളക്കരം അടച്ച രസീത് കർഷകർ കൊണ്ടുവരേണ്ടതാണ്. ആയക്കെട്ട് പ്രദേശത്ത് ഉൾപ്പെടാത്ത സ്ഥലങ്ങളിലെ കൃഷിക്കാരുടെ അപേക്ഷകൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(13) കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമി വാങ്ങിയതിൽ നടന്ന ക്രമക്കേട്

ശ്രീ. പി.എസ്. സുപാൽ : സർ, ജനകീയാസൂത്രണ പദ്ധതിപ്രകാരം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമി വാങ്ങിയതിൽ വൻ ക്രമക്കേടാണ് കാണിച്ചിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സുതാര്യമായിരിക്കണമെന്നുള്ളത് അതിന്റെ പ്രഖ്യാപന ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.എന്നാൽ യു.ഡി.എഫ്. ന്റെ നേതൃത്വത്തിലുള്ള കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് സമിതി എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ഭൂമി വാങ്ങുന്ന കാര്യത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ഭൂരഹിതരെ പുനരുദ്ധരിപ്പിക്കാൻ 5 ഏക്കർ ഭൂമിയാണ് വാങ്ങിയിട്ടുള്ളത്. 13,52,000 രൂപയാണ് വിലയായി നിശ്ചയിച്ചത്. 5 ലക്ഷത്തിന് മുകളിലാണെങ്കിൽ പോക്കുവരവ് ചെയ്തുകിട്ടണമെങ്കിൽ വസ്തു ഉടമ ഇൻകംടാക്സ് ക്ലിയറൻസ് വാങ്ങണമെന്നുണ്ട്. അതൊഴിവാക്കാൻ 5 ലക്ഷത്തിൽ താഴെയുള്ള 3 പ്രമാണങ്ങളാക്കി പഞ്ചായത്തു കമ്മിറ്റി ഭൂമി വാങ്ങാൻ തീരുമാനിച്ച മാർച്ച് 31-നുതന്നെ ഭൂമി രജിസ്റ്റർ ചെയ്യുകയായിരുന്നു. ഇതിനെല്ലാമുപരിയായി തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ പാറശ്ശാല ശാഖയിൽ അരക്കോടി രൂപയുടെ ബാധ്യതയുള്ള ഭൂമിയാണിത്. മാത്രമല്ല, അബ്കാരി ബിസിനസിനുവേണ്ടി കൊല്ലത്ത് സോൾവൻസിയായി കൊടുത്തിട്ടുള്ളതു ഈ വസ്തുവാണ്. ഇത്തരത്തിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ വ്യക്തമായ അഴിമതിയും ചട്ടലംഘനവും ഈ ഭൂമി വാങ്ങിയതിന്റെ പിന്നിലുണ്ടായിട്ടുണ്ട്. മിക്കവാറും എല്ലാ പത്രങ്ങളിലും ഇതു സംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് മുഴുവൻ ആളുകളുടെ പേരിലും നടപടി സ്വീകരിക്കുവാനും അതുപോലെ ഒരു വിജിലൻസ് എൻക്വയറി തന്നെ ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ 1998-99 വർഷം

LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരായ ഗ്രാമീണ തൊഴിലാളികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന് പദ്ധതിവിഹിതത്തിൽനിന്നും 14,95,625 രൂപ വകയിരുത്തിയിരുന്നു. അതിലേയ്ക്കാവശ്യമായ ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് സമിതി ഒരു തീരുമാനമെടുത്തതനുസരിച്ച് ഭൂമി വിലയ്ക്കു നൽകാൻ സന്നദ്ധരായവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിന് പത്രത്തിൽ പരസ്യം കൊടുക്കുകയും ചെയ്തു. 4 അപേക്ഷകൾ പഞ്ചായത്തിന് ലഭിച്ചതിൽ കുളത്തൂപ്പുഴ വില്ലേജിലെ സർവ്വേ നമ്പർ 908/1എ14-ൽപ്പെട്ട സ്ഥലം സെന്റ് ഒന്നിന് 6000 രൂപ വിലയ്ക്കുനൽകാമെന്ന വസ്തു ഉടമയുടെ സന്നദ്ധത പരിഗണിച്ച് പഞ്ചായത്ത് ഈ വസ്തു വാങ്ങുന്നതിന് പ്രാഥമികമായി തീരുമാനിച്ചു. കൊല്ലം ജില്ലാകളക്ടർ സെന്റ് ഒന്നിന് 3250 രൂപ വില നിശ്ചയിച്ചു നൽകി. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച എല്ലാ രേഖകളും പരിശോധിച്ച് കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡർ അത് പഞ്ചായത്തിന് നിയമാനുസൃതം വിലയ്ക്കുവാങ്ങാവുന്നതാണെന്ന് സാക്ഷ്യപ്പെടുത്തി നൽകി. ഇതിന്റെ യടിസ്ഥാനത്തിൽ 31.3.99-ന് സെന്റ് ഒന്നിന് 4250 രൂപാ ക്രമത്തിൽ പതിമൂന്ന് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ നൽകി മൂന്നേക്കർ ഇരുപത് സെന്റ് സ്ഥലം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പതിനഞ്ച് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ ഇതിലേയ്ക്ക് ആകെ ചെലവായിട്ടുണ്ട്. എന്നാൽ അതിനുശേഷം 10.7.99-ന് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ പരാമർശവസ്തുവിന്റെ ഈടിന്മേൽ വസ്തുഉടമ ഈ ബാങ്കിൽ നിന്നും ഇരുപത്തിഎട്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ വായ്പയായി എടുത്തിട്ടുണ്ടെന്നും അത് നാളിതുവരെ തിരിച്ചടച്ചിട്ടില്ലായെന്നും അതിനാൽ ഈ വസ്തുവിന്റെമേൽ എന്തെങ്കിലും കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുകയില്ലെന്നും പഞ്ചായത്തിനെ അറിയിച്ചിരുന്നു. പഞ്ചായത്ത് ഭൂമി വാങ്ങിയതുമായി ഉയർന്നുവന്നിട്ടുള്ള ഗുരുതരമായ ആരോപണങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തക്കതായ നടപടിയെടുക്കുന്നതാണ്.

IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

Chief Minister (Sri. E.K. Nayanar) : Sir, I lay on the Table:

1. G.O. (MS) No. 432/99/GAD dated 17th June, 1999 (S.R.O. No. 526/99)
2. G.O. (MS) No. 100/99/Home dated 18th June, 1999 (S.R.O. No. 542/99)
3. G.O. (MS) No. 110/99/Home dated 24th June, 1999 (S.R.O. No. 545/99)

Minister for Food, Tourism and Law (Shri. E. Chandrasekharan Nair) : Sir,I lay on the Table:

1. G.O(P) No. 153/99/AD dated 10th June, 1999 (S.R.O. No. 523/99)

2. Annual Report and Accounts of Kerala Live Stock Development Board Limited for the year 1996-97 together with statement showing the reasons for delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly